# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1693** **10.02.2020 -ലെ മറുപടിയ്ക്ക്**

## പ്രകൃതിദുരന്തനിവാരണം ബിരുദ തലത്തിൽ പാഠ്യവിഷയമായി ഉൾപ്പെടുത്തുവാൻ നടപടി

*ചോദ്യം* *ഉത്തരം*

**ശ്രീ. അബ്ദുൽ ഹമീദ് പി**

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | പ്രകൃതിദുരന്തനിവാരണം എന്ന വിഷയത്തിൽ കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല നാച്ചുറൽ ഹസാർഡ്സ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന പേരിൽ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (എ) | പ്രകൃതിദുരന്തനിവാരണം എന്ന വിഷയത്തിൽ കാലടി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ നാച്ചുറൽ ഹസാർഡ്സ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന പേരിൽ 60 മണിക്കൂർ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് ജോഗ്രഫി വകുപ്പിനു കീഴിൽ രണ്ട് വർഷമായി നടത്തിവരുന്നുണ്ട്. വിവിധ അക്കാദമിക് ധാരയിൽ നിന്നുള്ള +2 യോഗ്യത നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പ്രയോജനപ്പെടുന്ന തരത്തിലാണ് പഠന രീതി സജ്ജമാക്കിയിട്ടുള്ളത് . ആഴ്ചയിൽ മൂന്ന് ദിവസം (ചൊവ്വ, ബുധൻ, വ്യാഴം) വൈകിട്ട് 3 മണി മുതൽ 5.30 വരെയാണ് സമയക്രമം. |
| (ബി) | പ്രകൃതിദുരന്തങ്ങൾ തുടർക്കഥയാകുന്ന പുതിയ സാഹചര്യത്തിൽ ഇവയെക്കുറിച്ചും ദുരന്തങ്ങളെ അതിജീവിക്കുവാൻ മനുഷ്യസാധ്യമായ അറിവ് സമൂഹത്തിൽ വ്യാപിപ്പിക്കുന്നതിനും ഇത്തരം കോഴ്സുകൾ പ്രോത്സാഹിപ്പിക്കുവാൻ | (ബി) & (സി) | ദുരന്തനിവാരണം നടപടികൾ സംസ്ഥാനത്തും അതീവ പ്രസക്തമായ ഇന്നത്തെ സാഹചര്യത്തിൽ ബിരുദ ബിരുദാനന്തരതലത്തിൽ പ്രകൃതി ദുരന്ത നിവാരണം സംബന്ധിച്ച വിഷയങ്ങൾ ഒരു പാഠ്യ വിഷയമായി ഉൾപ്പെടുത്തുന്നതിന് |

| | | | |
|---|---|---|---|
| | നടപടി സ്വീകരിക്കുമോ; | | സർവ്വകലാശാലകൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. |
| (സി) | ദുരന്ത നിവാരണം ബിരുദ തലത്തിൽ ഒരു നിർബന്ധ പാഠ്യ വിഷയമായി ഉൾപ്പെടുത്തുന്നതിന് സർവ്വകലാശാല കൾക്ക് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ.